പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6760 — 04.04.2018-ൽ മറുപടിക്ക്

തണ്ണീർത്തട സംരക്ഷണ ആക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ന് മുമ്പ് നികന്ന് കിടന്നതും വില്ലേജ് റിക്കാർഡുകളിൽ നിലമെന്ന് രേഖപ്പെടുത്തിയതും, ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്താത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) 2017-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 40 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും വകുപ്പ് 27 എ പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതുമാകുന്നു. വിസ്തീർണ്ണം ഇതിൽ അധികരിക്കുന്ന പക്ഷം റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ആവശ്യമാണ്. |
| (ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പ്രകാരം ഇതിനകം എത്രപേരുടെ അപേക്ഷ പരിഹരിച്ചു? | (ബി) ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിൽ 30.05.2017-ലെ 301/17-ാം നമ്പർ വിജ്ഞാപനം മുഖേന ഭേദഗതി വരുത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കാലപരിധി 6 മാസമായിരുന്നു. അത് നവംബർ 30-ന് അവസാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ KSREC യുടെ സഹായത്തോടെ ഉപഗ്രഹചിത്രം പരിശോധിച്ച് തീർപ്പ് കല്പിക്കുന്നതിനുള്ള നടപടി വിവിധ കൃഷി ഓഫീസുകളിലായി നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**